

സ്ഥലം: **വാഴക്കാല, കാക്കനാട്** / ക്ലയന്റ്: **ഷംസുദ്ദീൻ** / പ്ലോട്ട് : **4.5 സെന്റ്** / കെട്ടിട വിസ്തീർണ്ണം: **1900 സ്ക്വയർഫീറ്റ്**

# പുതിയ മുഖം

890 സ്ക്വയർഫീറ്റാണ് പഴയ വീടിന് ഉണ്ടായിരുന്നത്. പുതുക്കലിന് ശേഷം 1900 സ്ക്വയർഫീറ്റായി മാറി. പുതുക്കലുകൾ നടത്തിയപ്പോൾ ഇത് ഇരുനില വീടായിരിക്കുന്നു. എലിവേഷൻ പാടേ മാറ്റി, പുതിയൊരു മുഖം നൽകി

ആർക്കിടെക്റ്റ്
സുരാഗ് വിശ്വനാഥൻ അയ്യർ



ഒമ്പതു വർഷം പഴക്കമുള്ള ഒരു വീടായിരുന്നു ഷംസുദ്ദീന്റേയും കുടുംബത്തിന്റേയും. ഇവിടെ സൗകര്യങ്ങൾ കുറവായതിനാലാണ് ഷംസുദ്ദീൻ വീട് പുതുക്കിപ്പണിയുവാൻ തീരുമാനിച്ചത്. ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യരാണ് വീട് ഇന്നത്തെ മാറ്റങ്ങൾക്കനുസൃതമായി ഡിസൈൻ ചെയ്ത് കൊടുത്തത്. 890 സ്ക്വയർഫീറ്റാണ് പഴയ വീടിന് ഉണ്ടായിരുന്നത്. പുതുക്കലിന് ശേഷം 1900 സ്ക്വയർഫീറ്റായി മാറി. ലിവിങ്, ഡൈനിങ്, അറ്റാച്ച്ഡ് ബാത്റൂമോടു കൂടിയ രണ്ട് കിടപ്പുമുറികൾ, കിച്ചൻ, വർക്ക്ഏരിയ ഇത്രയുമായിരുന്നു പഴയ ഒരുനില വീട്ടിലെ സൗകര്യങ്ങൾ. പുതുക്കലുകൾ നടത്തിയപ്പോൾ ഇത് ഇരുനില വീടായിരിക്കുന്നു. എലിവേഷൻ പാടേ മാറ്റി, പുതിയൊരു മുഖം നൽകി. സ്ലോപ്പ് റൂഫ് മാറ്റി ഫ്ളാറ്റാക്കി. മുകളിൽ ഒരു ഓപ്പൺ ബാൽക്കണിയും നൽകി. എലിവേഷനിൽ നൽകിയിരിക്കുന്ന പാരമെട്രിക് ഡിസൈൻ നൽകിയ ഷെറാബോർഡ്, ഡിസൈൻ എലമെന്റായി വർത്തിക്കുന്നു. ഗേറ്റിലും കാർ പോർച്ചിന് മുകളിലും ഈ ഡിസൈൻ എലമെന്റ് വ്യത്യസ്തത പുലർത്തുന്നു.

ഗ്രൗണ്ട് ഫ്ളോറിൽ ഉണ്ടായിരുന്ന ഒരു കിടപ്പുമുറി പൊളിച്ചുമാറ്റി. പണ്ട് കിച്ചൻ ഉണ്ടായിരുന്ന സ്ഥാനത്താണ് ഇപ്പോഴത്തെ സ്റ്റെയർകേസ്. പഴയ വർക്ക് ഏരിയ എക്സ്റ്റന്റ് ചെയ്ത് പുതിയ കിച്ചനും വർക്ക് ഏരിയയും ആക്കി മാറ്റി. ഡൈനിങ് ഏരിയയ്ക്ക് മാറ്റമൊന്നും വരുത്തിയില്ല. ഫാമിലി ലിവിങ് സ്പേസിൽ സീലിങ്ങും, പാർട്ടീഷൻ ിത്തിയും നൽകി വ്യത്യസ്തമാക്കി. ഫാമിലി ലിവിങ് ഏരിയയിൽ മറൈൻ പ്ലൈ, വെർട്ടിക്കൽ പാറ്റേണിൽ നൽകിയത് ഡിസൈൻ എലമെന്റായും സ്റ്റെയർകേസിലേക്കുള്ള പാർട്ടീഷനായും വർത്തിക്കുന്നു. രണ്ട് എൻട്രൻസുകളാണ്






പുതുക്കലിനുശേഷം

പുതുക്കലിനു മുമ്പ്


റെനവേഷൻ ഹൈലൈറ്റ്സ്

• 890 സ്ക്വയർഫീറ്റിലെ സൗകര്യങ്ങൾ 1900 സ്ക്വയർ ഫീറ്റാക്കി പരിവർത്തിപ്പിച്ചത് ഉപയുക്തത കണക്കിലെടുത്ത്. • പൊളിച്ചു കളയലും കൂട്ടിച്ചേർക്കലും എല്ലാം കാലത്തിനൊത്ത മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് നടപ്പിലാക്കിയത്. • പരിവർത്തനം ഏറ്റവും കൂടുതൽ പ്രകടമാകുന്നത് എലിവേഷനിലാണ്. • ാ ഗികമായ പാർട്ടീഷനുകൾ അകത്തളങ്ങളെ സുന്ദരവും വിശാലവുമാക്കുന്നു.





ഇപ്പോൾ ലിവിങ്ങിലേക്കുള്ളത്. ഫോർമൽ ലിവിങ്ങിൽ നിന്നും ഡൈനിങ്ങിലേക്ക് നൽകിയ പാർട്ടീഷൻ ിത്തിയിൽ നിഷുകൾ കൊടുത്ത് അതിനുള്ളിൽ കൗതുകവസ്തുക്കൾ ലൈറ്റ് ഫിറ്റിങ്ങുകളുടെ അകമ്പടിയോടെ പ്രദർശിപ്പിച്ചത് സുന്ദരമാണ്. മാർബിൾ ഫ്ളോറിങ് മാറ്റി ഇപ്പോൾ 3X3 അളവിലുള്ള വിട്രിഫൈഡ് ടൈലാണ് പാകിയിരിക്കുന്നത്. സീലിങ്ങിലെ കോവ് ലൈറ്റിങ്ങിന്റേയും മറൈൻ പ്ലൈയുടെയും മികവ് ഇന്റീരിയറിന് ചന്തം കൂട്ടാൻ സഹായിക്കുന്നു.

ഇപ്പോഴുള്ള ഫോർമൽ ലിവിങ് സ്പേസ് റെനവേഷന് മുൻപ് ഒരു കിടപ്പുമുറി ആയിരുന്നു. താഴെ ഒന്ന്, മുകളിൽ മൂന്ന് എന്നിങ്ങനെ നാലു കിടപ്പുമുറികളാണ് പുതിയ വീട്ടിൽ ഉള്ളത്. ഡൈനിങ്ങിൽ നിന്ന് സ്റ്റെയർകേസിലേക്കുള്ള എൻട്രിയിൽ ിത്തിക്ക് മുകളിൽ പാരമെട്രിക് ഡിസൈൻ വർക്കിൽ മറൈൻ പ്ലൈ ഫ്രെയിം കൊടുത്ത് ലൈറ്റിങ്ങ് ചെയ്തിരിക്കുന്നു. സെമി പാർട്ടീഷനുകൾ അകത്തളങ്ങളെ തുറസ്സാക്കുന്നുണ്ട്.

രണ്ട് കിടപ്പുമുറികൾക്ക് ബാൽക്കണി കൊടുത്തിട്ടുണ്ട്. കുട്ടികളുടെ കിടപ്പുമുറിക്ക് നിറങ്ങൾ പകർന്ന് ചന്തം കൂട്ടി. സ്റ്റെയർ കയറി വരുന്ന അപ്പർലിവിങ്ങിൽ സ്റ്റഡി യൂണിറ്റും യൂണിറ്റിൽ

















സ്റ്റോറേജ് സൗകര്യവും ഉൾപ്പെടുത്തി. കൂടാതെ ഇരിപ്പിട സൗകര്യവും കൂട്ടിയിണക്കിയിട്ടുണ്ട്.

ബ്രേക്ക് ഫാസ്റ്റ് കൗണ്ടറോടു കൂടിയ ഓപ്പൺ കിച്ചനാണ് ഉള്ളത്. ആർട്ടിഫിഷ്യൽ ഗ്രനൈറ്റാണ് കിച്ചൻ കൗണ്ടർടോപ്പിന്. ഷട്ടറുകൾക്ക് മറൈൻ പ്ലൈ ലാമിനേറ്റാണ്. കുറഞ്ഞ സ്പേസിലാണ് അടുക്കള സജ്ജീകരണങ്ങൾ നൽകിയത്.

ആവശ്യമുള്ള സൗകര്യങ്ങൾ കൂട്ടിയെടുത്തുകൊണ്ട് അനിവാര്യമായ മാറ്റങ്ങൾ മാത്രം നടപ്പിലാക്കിയാണ് ആർക്കിടെക്റ്റ് ഈ വീടിന് പുതിയ മുഖം നൽകിയത്. ■